# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 865 10.06.2019-ൽ മറുപടിക്ക്

## സിനിമാ റെഗുലേറ്ററി അതോറിറ്റി

**ചോദ്യം**

ശ്രീ.വി.ടി.ബൽറാം

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങി എല്ലാ മേഖലകളെയും ഉൾക്കൊള്ളിക്കുന്ന പുതിയ നിയമം കൊണ്ടുവരണമെന്നും സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്നും അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായ സമിതി ശിപാർശ നൽകിയിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രീ.അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങി എല്ലാ മേഖലകളേയും ഉൾക്കൊള്ളിച്ച് കൊണ്ട് സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. <br><br> പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1958 ലെ സിനിമാ റഗുലേഷൻ ആക്ടും 1988 ലെ സിനിമാ റഗുലേഷൻ റൂളും പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി 20.01.2018 ലെ സ.ഉ.(സാധാ)നം. 30/2018/സാ.കാ.വ, 25.05.2018 ലെ സ.ഉ.(സാധാ)നം.363/2018/സാം.കാ.വ ഉത്തരവുകൾ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. |
| ബി) | പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി സമഗ്ര നിയമനിർമ്മാണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | | |

സെക്ഷൻ ഓഫീസർ